(7 pages) **Reg. No. : ..............................**

**Code No. : 10472** **Sub. Code : C 1 MY 71**

U.G. (CBCS) DEGREE EXAMINATION,
NOVEMBER 2022.

Third Semester

Part I — Malayalam

Paper III — PADYASAHITHYAM – POETRY LITERATURE

(For those who joined in July 2021 onwards in the B.Com./B.B.A./B.C.A./B.Sc., Computer Science/Information Technology/Software/Costume Design/Fashion Technology/Electronics and Communication/Hotel Management Courses Only)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

   (a) രാമപ്പണിക്കർ (b) കുഞ്ചൻ നമ്പ്യാർ

   (c) ചെറുശ്ശേരി (d) എഴുത്തച്ഛൻ

2. ആശയായുള്ള പാശമതിങ്കേന്നു

   വേറിടാതെ കരേറുന്നു മേല്ക്കുമേൽ - ഈ വരികൾ ജ്ഞാനപ്പാനയിലെ ഏതു ഭാഗത്തുനിന്നുമുള്ളതാണ്?

   (a) അധികാരിഭേദം (b) മംഗളാചരണം

   (c) സംസാരവർണ്ണന (d) തത്ത്വവിചാരം

3. പറയുവാനുണ്ട് പൊൻ ചെമ്പകം പൂത്ത

   കരള്ളു പണ്ടേ കരിഞ്ഞു പോയെങ്കിലും - കവിത ഏത്?

   (a) ഗസൽ (b) സന്ദർശനം

   (c) അത്താഴം (d) സഹശയനം

4. മദ്ധ്യം പൊട്ടി നുറുങ്ങി വിലസുന്ന

   ശുദ്ധക്കണ്ണാടി കാന്തി ചിതറും നീർ - കൃതി ഏത്?

   (a) കർണ്ണഭൂഷണം (b) ചണ്ഡാലഭിക്ഷുകി

   (c) കാളിയമർദ്ദനം (d) കരുണ

5. അഴകത്തു പത്മനാഭക്കുറുപ്പു രചിച്ച മഹാകാവ്യം ഏത്?

   (a) ഉമാകേരളം (b) ചിത്രയോഗം

   (c) കർണ്ണഭൂഷണം (d) രാമചന്ദ്രവിലാസം



Nesamony Memorial Christian College, Marthandam

6. ശിഷ്യനും മകനും എന്ന പ്രസിദ്ധ കവിത ആരുടേതാണ്?

(a) ചങ്ങമ്പുഴ (b) വൈലോപ്പിള്ളി

(c) വള്ളത്തോൾ (d) വയലാർ

7. താഴെക്കൊടുത്തിരിക്കുന്നതിൽ നിന്നും എ. അയ്യപ്പന്റെ കവിത കണ്ടെത്തുക

(a) കോതമ്പുമണികൾ

(b) ബുദ്ധനും ആട്ടിൻകുട്ടിയും

(c) നരകത്തിലേക്ക് ഒരു ടിക്കറ്റ്

(d) എഴുത്തച്ഛനെഴുതുമ്പോൾ

8. കാടെവിടെ മക്കളേ എന്ന കവിതയിൽ വയനാടിനെക്കുറിച്ചു പറയുമ്പോൾ പരാമർശിക്കുന്ന നദിയേത്?

(a) കബനി (b) ചാലിയാർ

(c) കാരാപ്പുഴ (d) പാപനാശിനി

9. പാവനം നുകരുന്നു തൻ ശുദ്ധമാം

ഭാവി വിജ്ഞാനധാരയെന്നോർത്തപോൾ - എന്താണ് നുകരുന്നത്?

(a) സംഭാരം (b) പാൽ

(c) ജലം (d) അമൃത്



10. എലികൾ എന്ന കവിതയിൽ പരാമർശവിധേയമാകുന്ന നാടേത്?

(a) കേരളം (b) രാജസ്ഥാൻ

(c) ബംഗാൾ (d) ഗുജറാത്ത്

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) എന്നതു കേട്ടുടനെല്ലാരും നോക്കുമ്പോൾ

ദുർന്നിമിത്തങ്ങളും കാണായ്‌വന്നു - സന്ദർഭമെഴുതി ആശയം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) മകരകുണ്ഡലം പ്രതിബിംബിക്കുന്ന

കവിൾത്തടങ്ങളും മുഖസരോജവും

- കാവ്യഭാവന, സന്ദർഭം എന്നിവ വിശദമാക്കുക.

12. (a) അർത്ഥമെത്ര വളരെയുണ്ടായാലും

തൃപ്തിയാകാ മനസ്സിന്നൊരുകാലം - സാംഗത്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ആ മഹാർനാർന്ന സംതൃപ്തി കണ്ടഹോ!

കോൾമയിർക്കൊണ്ടു നിൽക്കുന്നു പെൺകൊടി

- സന്ദർഭമേത്? വിശദമാക്കുക.

13. (a) ആയതു കണ്ടിന്ദ്രൻ ഗൗതമശാപമോർ-

ത്തായിരം പ്രാവിശ്യം മാഴ്കിടട്ടെ

- സ്വാരസ്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ

മിന്നിച്ചു നിൽക്കുന്ന തൂമുത്തുകൾ

- ഇവിടെ അർത്ഥമാക്കുന്നതെന്ത്?

14. (a) സങ്കടം കാൺകിലും കാണാതെ പോകയോ

മംഗലേ നീയൊരു മങ്കയല്ലേ?

- സന്ദർഭമെഴുതുക.

അല്ലെങ്കിൽ

(b) എട്ടുകാലി വല നീർത്തിയ മൂലയിൽ

കഷ്ടം കുടുങ്ങിയോ കുട്ടികളെ

- സന്ദർഭമെഴുതി വിശദീകരിക്കുക.



15. (a) കള്ളനാക്കില്ലാത്ത കൊള്ളിവാക്കില്ലാത്ത

കള്ളപ്പറയില്ലാത്ത നാടെവിടെ മക്കളേ?

- ആശയം വ്യക്തമാക്കി കവിയുടെ ഇംഗിതം കണ്ടെത്തുക.

അല്ലെങ്കിൽ

(b) സ്മരണതൻ ദൂരസാഗരം തേടിയെൻ

ഹൃദയരേഖകൾ നീളുന്നു പിന്നെയും- കവി ഇങ്ങനെ പറയുന്ന സന്ദർഭമേത്?

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) കൃഷ്ണഗാഥയിലെ കാളിയമർദ്ദനത്തിൽ ശ്രീകൃഷ്ണന്റെ ലീലകൾ ചെറുശ്ശേരി അവതരിപ്പിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ വർണ്ണനാപാടവം പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

17. (a) പൂന്താനത്തെ ഭക്തകവിയെന്ന് വിളിക്കുന്നതെന്തുകൊണ്ട്? വിശദമാക്കുക.

അല്ലെങ്കിൽ

(b) സമൂഹത്തിലെ പ്രശ്നങ്ങൾ ആശാനെ വളരെയധികം സ്വാധീനിച്ചിരുന്നു എന്നതിന് ഉദാഹരണമാണ് ചണ്ഡാലഭിക്ഷുകി - വിശദമാക്കുക.



Nesamony Memorial Christian College, Marthandam

18. (a) ഉള്ളൂരിന്റെ രചനാശൈലി കർണ്ണഭൂഷണത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

അല്ലെങ്കിൽ

(b) മാതൃഭാഷയുടെ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്ന വള്ളത്തോൾ അത് നേരിടുന്ന പ്രശ്നങ്ങളിലേക്കുകൂടി വിരൽ ചൂണ്ടുന്നുവെന്ന് അഭിപ്രായമുണ്ടോ? വിശദമാക്കുക.

19. (a) ജലസേചനം എന്ന കവിതയിൽ പുരോഗതിയിലേക്കുള്ള പാത ശ്രമകരമായിരിക്കും എന്ന സന്ദേശം കാണാനാവും - വിലയിരുത്തുക.

അല്ലെങ്കിൽ

(b) എലികൾ എന്ന കവിത മനുഷ്യജീവിതത്തിന്റെ നിസ്സാരതയെക്കൂടി എടുത്തു കാണിക്കുന്നു - പരിശോധിക്കുക.

20. (a) കൗസല്യ എന്ന കവിതയിലെ ചിന്തകൾ സ്ത്രീയുടെ മാനസികാവസ്ഥയുടെ പ്രതിഫലനമാണോ? വിലയിരുത്തുക.

അല്ലെങ്കിൽ

(b) കെട്ട കാലത്തിന്റെ ശബ്ദമായിട്ടാണ് അത്താഴമെന്ന കവിത ഉയിർക്കൊള്ളുന്നത് - നിങ്ങളുടെ അഭിപ്രായമെഴുതുക.



Nesamony Memorial Christian College, Marthandam